**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3295**

**11.05.2017 - ൽ മറുപടിക്ക്.**

## മാലിന്യ പ്ലാന്റുകൾ ഇല്ലാത്ത വ്യവസായശാലകൾക്ക് അനുമതി

ചോദ്യം
ശ്രീ. അബ്ദുൽ ഹമീദ് പി.

**മറുപടി**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).**

| | | | |
|---|---|---|---|
| (എ) | മാലിന്യപ്ലാന്റുകൾ ഇല്ലാത്ത വ്യവസായ ശാലകൾക്ക് അനുമതി നൽകരുതെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) : | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരുമ്പാവൂർ മേഖലയിലെ പ്ലൈവുഡ് ഫാക്ടറികൾ സൃഷ്ടിക്കുന്ന മലിനീകരണം സംബന്ധിച്ച് ശ്രീ. ടി. കെ. കര്യൻ എന്ന വ്യക്തി ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്ത SLPC 22856/12 എന്ന കേസിൽ 21/04/2014-ൽ ബഹു. കേരള ഹൈക്കോടതിക്ക് ഒരു നിർദ്ദേശം നൽകിയിരുന്നു. ബഹു. സുപ്രീംകോടതി നിയമിച്ച സെൻട്രൽ എംപവേർഡ് കമ്മിറ്റി (CEC)-യുടെ റിപ്പോർട്ട് പരിഗണിച്ച് എത്രയും വേഗത്തിൽ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളണം എന്നതായിരുന്നു നിർദ്ദേശം. |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) : | മേൽ പറഞ്ഞ വിധിയുടെയും തുടർന്ന് ഈ വിഷയത്തിൽ WP(C) 9155/07 -ൽ ബഹു. ഹൈക്കോടതിയുടെ വിധിയുടെയും അടിസ്ഥാനത്തിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകൾ കണ്ടെത്തി അടച്ചുപൂട്ടുന്നതിനുള്ള നോട്ടീസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 68 യൂണിറ്റുകൾക്ക് ഇത്തരത്തിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നോട്ടീസ് നൽകിയതായി കാണുന്നു. |
| (സി) | പ്രസ്തുത വിധി കേരളത്തിലെ വ്യവസായ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | (സി) : | പ്രസ്തുത വിധി കേരളത്തിലെ വ്യവസായ മേഖലയിൽ എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.

ജക/06/05